പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.373 — 28.10.2019 ൽ മറുപടിയ്ക്ക്

സംസ്ഥാന വില നിയന്ത്രണ അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സവാളയും ഉള്ളിയും അടക്കമുള്ളവയുടെ വില കുതിച്ച് ഉയരുമ്പോഴും സംസ്ഥാന വില നിയന്ത്രണ അതോറിറ്റി നോക്കുകുത്തിയായി തുടരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഭക്ഷ്യ പൊതു വിതരണ വകുപ്പിനു കീഴിൽ വില നിയന്ത്രണ അതോറിറ്റി നിലവിലില്ല. എന്നാൽ 15.05.2017 ലെ സ.ഉ (കൈ) 10/2017/ഭ.പൊ.വി.വ. പ്രകാരം രൂപീകരിച്ച വില നിരീക്ഷണ സെൽ (Price Monitoring Cell) വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മറ്റു സംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനം, കൃഷി, ചരക്ക് നീക്കം എന്നിവ നിരീക്ഷിക്കുക, സാധനവില നിയന്ത്രണത്തിനുവേണ്ട പദ്ധതികൾ തയ്യാറാക്കുക, മൂന്നു മാസത്തിനുള്ളിൽ വിപണിയിൽ സംഭവിക്കാവുന്ന മാറ്റങ്ങളെ കുറിച്ചുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക എന്നത് ഉൾപ്പെടെ ഒട്ടേറെ ഭാരിച്ച ചുമതലകളാണോ അതോറിറ്റിക്കുള്ളത്; വിശദമാക്കാമോ; | (ബി) | ഇതര സംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനം, കൃഷി, ചരക്ക് നീക്കം എന്നിവ കൃത്യമായി നിരീക്ഷിക്കുക, സാധനവില നിയന്ത്രണത്തിന് അത്യാവശ്യം വേണ്ട പദ്ധതികൾ തയ്യാറാക്കുക, വില മാറ്റങ്ങളെ സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, വില നിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം പിടിച്ചു നിർത്താൻ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ ചുമതലകൾ. |
| (സി) | എന്നാൽ സെക്രട്ടറി തലത്തിൽ സമിതി ഏതാനും യോഗങ്ങൾ ചേർന്നതല്ലാതെ കാര്യമായ | (സി) യും (ഡി) യും | ഇല്ല. |

| | | | |
|---|---|---|---|
| | നടപടികളൊന്നുമുണ്ടായില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | സംസ്ഥാനത്ത് ചെറിയ ഉള്ളിയുടെ വില കിലോയ്ക്ക് 64 രൂപയിലും വെളുത്തുള്ളിക്ക് 200 രൂപയിലും എത്തിയിട്ടും അതോറിറ്റി മൗനം പാലിക്കുകയാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ടോ; | | |
| (ഇ) | എങ്കിൽ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ഇടപെടലുകൾ ഉറപ്പു വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ, അന്യ സംസ്ഥാനങ്ങളിലെ കാലാവസ്ഥ വ്യതിയാനം മൂലമുണ്ടായ വ്യാപക കൃഷി നാശത്തെ തുടർന്ന് ഉള്ളിയുടെയും സവാളയുടെയും വില വർദ്ധിച്ചിട്ടുണ്ട്. ആയത് നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ